വചനവിചിന്തനം- 2010 മെയ് 2, ഞായർ

യോഹന്നാൻ - 21:

യേശു തിബേരിയൂസ് കടൽ തീരത്തുവച്ച് ശിഷ്യന്മാർക്കു തന്നെതന്നെ വെളിപ്പെടുത്തി എന്ന മുഖക്കുറിപ്പോടെ തുടങ്ങുന്നു ഇന്നത്തെ സുവിശേഷ വിചാരങ്ങൾ. വെളിപാടിന്റെ ഭൗമിക ''തിബേരിയൂസ് '' എന്നതും ''വെളിപ്പെടുത്തിയത് ഇങ്ങനെ....'' എന്നതും ശ്രദ്ധയർഹിക്കുന്ന സൂചകങ്ങളാണ്.

തിബേരിയൂസ് - ഗലീലിക്കടൽ എന്നുകൂടി വിളിക്കപ്പെടുന്ന തടാക തീരത്തിന്റെ വ്യാപ്തിയിൽ തന്നെ. ഈ സംഭവങ്ങളിലെ നായക കഥാപാത്രം പത്രോസ്. സുവിശേഷത്താളുകൾ പിന്നിലേയ്ക്ക് മറിയ്ക്കുമ്പോൾ ഗലീലിയും പത്രോസും ഒരുമിക്കുന്നിടത്തു നിന്നു വേണം ചിന്തകൾ ആരംഭിക്കേണ്ടത്. യേശു തന്റെ ആദ്യശിഷ്യന്മാരെ വിളിക്കുന്ന രംഗവേദിയാണത്. അന്ന് ഈ തിബേരിയൂസിന്റെ ഓളപ്പരപ്പുകളിൽ ചാകര സ്വപ്നം കണ്ട് തീരത്തു നില്കുന്നത് പത്രോസല്ല ശിമയോനാണ്. പേരിലല്ലേ വ്യത്യാസമുള്ളു എന്നല്ലേ സന്ദേഹം! പക്ഷേ പേര്, അതല്ലേ എല്ലാം. ശിമയോൻ (Simon) എന്ന പേരിനർത്ഥം The changing one എന്നാണ്. മാറിക്കൊണ്ടിരിക്കുന്നവൻ, ഇളകുന്നവൻ.. സ്ഥിരതയില്ലാത്ത സ്വഭാവത്തിന്റെ ആൾരൂപം. എന്നുപറഞ്ഞാൽ ചഞ്ചലചിത്തനായ, ദൈവസ്നേഹത്തിൽ ഉറപ്പില്ലാത്ത എല്ലാ ബലഹീനതകളുമുള്ള ഒരു സാധാരണ മനുഷ്യന് പകരക്കാരൻ. പിന്നീട് ഈശോയല്ലേ അവന് പുതിയ പേരു നല്കുന്നത്. മൂന്നു വർഷക്കാലം കൂടെക്കൊണ്ടു നടന്നിട്ട്, അവന്റെ എല്ലാ ബലഹീനതകൾക്കും മീതേ കാരുണ്യത്തിന്റെ കരം കൊടുത്ത് ഉയർത്തിയിട്ട് ഒടുവിൽ സഭയുടെ ഉത്തരവാദിത്വമേൽപ്പിക്കുമ്പോൾ ഒരു നിമിഷം വീണ്ടും സന്ദേഹിയായിട്ട്, ശിമയോനെ നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു മൂന്നുരു ചോദിച്ച് ഉറപ്പിച്ചിട്ട്, പിന്നെയാണ് പുതിയ പേരു നല്കുന്നത് Hence forth you are not Simon, You are Peter...! ഇനിമേൽ നീ ശിമയോനല്ല, പത്രോസാണ് (Peter) എന്നാൽ Rock, പാറ എന്നർത്ഥം ദൈവസ്നേഹത്തിൽ അചഞ്ചലനായി, പാറപോലെ ഉറപ്പുള്ളവൻ എന്ന അടയാള മുദ്രയുള്ള നാമം.

അതുകൊണ്ട്, തിബേരിയൂസ് എന്ന തടാകം പത്രോസിന് ഗുരുസ്നേഹത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ഇതാണ് സംഭവത്തിന്റെ ഗൗരവവും പ്രസക്തിയും! ഒന്നുമല്ലാതിരുന്നവനെ കൂടെവിളിച്ച്, കൂട്ടുപിരിയുമ്പോൾ തന്റെ ദൗത്യവുമേൽപ്പിച്ച്, കുരിശേറിക്കഴിയുമ്പോൾ അതെല്ലാം മറക്കുന്നവന്റെ നന്ദികേടാണ് ഈ നായകകഥാപാത്രത്തിന്റെയും, രംഗവേദിയുടെയും പ്രസക്തി. കാരണം ക്രിസ്തുവിന്റെ സാന്നിദ്ധ്യമില്ലാത്ത രാത്രിയിൽ അവൻ എല്ലാം മറന്നിട്ട് പഴയ അതേ തീരത്തേയ്ക്ക്, പഴയ അതേ ചാകര പ്രതീക്ഷിച്ച് തന്റെ തന്നെ കഴിവിൽ വിശ്വാസമർപ്പിച്ച് വലയെറിയുകയാണ്:

ഇനിയും രണ്ടാമത്തെ സൂചന. ''ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് തന്നെത്തന്നെ വെളിപ്പെടുത്തിയത് ഇപ്രകാരമാണ് ''

ഒരു രാത്രി മുഴുവൻ വലയെറിഞ്ഞു തളർന്നപ്പോൾ മനസ്സുപോലെ ശൂന്യമായ വല! ഒരു പരൽമീൻ പോലുമില്ലാതെ. രാത്രിയുടെ അദ്ധ്വാനത്തിന്റെ തളർച്ചയുണ്ട്. നിരാശയുണ്ട്. ക്രിസ്തു സാന്നിദ്ധ്യത്തിന്റെ വിളക്കണച്ചുകളഞ്ഞ കുറ്റബോധമുണ്ട്... അങ്ങനെ ഒരു പ്രഭാതത്തിലേയ്ക്ക് തുഴഞ്ഞുകയറുമ്പോൾ അപ്രതീക്ഷിതമായി ഒരാൾ തീരത്ത് ; കുഞ്ഞുങ്ങളേ

നിങ്ങൾക്ക് മീൻ വല്ലതും കിട്ടിയോ? എന്ന ഒരു അമ്മ മനസ്സിന്റെ കനിവോടെ തിരക്കുന്ന ഒരാൾ, ക്രിസ്തു! ഒരു രാത്രി മുഴുവൻ അലഞ്ഞ് തളർന്ന മക്കളോട് വാത്സല്യപൂർവ്വം ഒരു ചോദ്യം. ഇല്ല എന്നു പറയുമ്പോൾ ചാകരയുള്ള ''വലതു ഭാഗത്തേയ്ക്ക് '' അവൻ വിരൽചൂണ്ടുകയാണ്. വല നിറയെ മത്സ്യങ്ങൾ! ''അതു കർത്താവാണ്. എന്ന ആദ്യത്തെ നിലവിളി പത്രോസിന്റേതാണ്. കരയ്ക്കിറങ്ങുമ്പോൾ അവർക്കുവേണ്ടി പ്രാതലൊരുക്കി കാത്തിരിക്കുന്നവൻ... പിന്നെ ആർക്കും സംശയത്തിനിടയില്ല.. അതു കർത്താവു തന്നെ

നമ്മുടെ ജീവിതത്തിലേയ്ക്ക് കർത്താവു കടന്നു വരുന്നത് ഇങ്ങനെയുമാകാം എന്നതാണ് ഇതിലെ സുവിശേഷം. നന്ദികേടിന്റെ അദ്ധ്യായങ്ങളുണ്ടാകാം നിനക്ക്. കർത്താവു ചെയ്തതൊക്കെ ഒരുനിമിഷം കൊണ്ടു മറന്ന് അവനെ ഉപേക്ഷിച്ചു നടന്നുപോയ വഴികൾ. കർത്താവില്ലാതെ നടന്നുപോകുന്നത് എങ്ങോട്ടാ - അവനെ കണ്ടപ്പോൾ ഉപേക്ഷിക്കാൻ തീരുമാനിച്ച പഴയ ജീവിതസാഹചര്യങ്ങളിലേയ്ക്ക്. എന്നിട്ടോ എത്രയോ രാപകലുകളുടെ അദ്ധ്വാനം. ഒടുവിൽനിരാശയും തകർച്ചയും മാത്രം മിച്ചം അങ്ങനെ നാണക്കേടിന്റെയും പരാജയങ്ങളുടെയും നടുക്കടലിൽ തളരുമ്പോൾ, തീരത്ത് നിന്നെമാത്രം കാത്ത് ക്രിസ്തു. അവന്റെ മുമ്പിൽ നിന്റെ നന്ദികേടിന്റെ കണക്കുകളില്ല. നീ അലഞ്ഞതിന്റെയും തകർന്നതിന്റെയും നൊമ്പരം പങ്കുവയ്ക്കുന്ന അമ്മയുടെ കനിവു മാത്രമേയുള്ളു.

ആരും എന്നെ മനസ്സിലാക്കുന്നില്ല എന്നതല്ലേ ഈ കാലത്തിന്റെ നിലവിളി. ഭർത്താവിനു ഭാര്യയെയോ, ഭാര്യയ്ക്കു ഭർത്താവിനെയോ മനസ്സിലാക്കാനാകുന്നില്ല. പിന്നെ പരാതികളും പിണക്കങ്ങളും വേർപിരിയലുകളും. മാതാപിതാക്കന്മാർ ഞങ്ങളെ മനസ്സിലാക്കുന്നില്ല എന്നതാണ് കുഞ്ഞുങ്ങളുടെ പരിഭവങ്ങൾ. പ്രിയപ്പെട്ടവരുടെ എല്ലാ കുറവുകളെയും അവഗണിച്ചുകൊണ്ട്, നിന്റെ കുറവുകളോടുകൂടെ എനിക്കു നിന്നെ ഇഷ്ടമാണ് എന്നു പറഞ്ഞ് അവർക്കുവേണ്ടി ഒരു പ്രാതലൊരുക്കുന്ന ഈ ക്രിസ്തു സ്നേഹത്തിലേയ്ക്ക് വളരാൻ ഇനി നിനക്ക് എത്രകാതം നടക്കണം...? വലുതും ചെറുതുമായ തെറ്റുകളാൽ വീടിന്റെ പടിയിറങ്ങിപ്പോയ മക്കൾക്ക് ഇതുപോലൊരു കനിവുനിറഞ്ഞ വെളിപാടാകാൻ എന്നാ നമുക്കാവുക?

ഒടുവിലൊരു അഭയമായി നീ കാണേണ്ടതും ഈ ക്രിസ്തു സ്നേഹത്തെ തന്നെ. എല്ലാവരും തെറ്റിദ്ധരിക്കുമ്പോഴും, അദ്ധ്വാനത്തിന് പരാജയമുണ്ടാകുമ്പോഴും, നിരാശയോടെ തകർന്നിരിക്കുമ്പോഴും, ആരും നിന്നെ മനസ്സിലാക്കുന്നില്ല എന്ന സങ്കടങ്ങൾ നിറയുമ്പോഴും നിനക്കുവേണ്ടി ഒരുവൻ കാത്തിരിപ്പുണ്ട്. സ്വന്തം ശരീരരക്തങ്ങൾക്കൊണ്ട് വിരുന്നൊരുക്കി അൾത്താരയിലും സക്രാരിയിലും! ഈ ചിന്ത ബലപ്പെടുത്തണം നമ്മുടെ ക്രിസ്തീയ ജീവിതത്തെ.

ഫാ. അലക്സ് വേലച്ചേരിൽ.